TB Movie Panel Weekly Review

#moviepanel

Average Ambili

Written By: Arjun Anand

എന്തെങ്കിലും ഒന്ന് ഉച്ചത്തിൽ സംസാരിച്ചു പോയാൽ "പെൺപിള്ളേരായാൽ കുറച്ചു അടക്കവും ഒതുക്കവും ഒക്കെ വേണം " എന്ന ശകാരം കേൾക്കാത്ത പെൺകുട്ടികൾ വളരെ കുറവായിരിക്കും.. കുറച്ചു അധ്വാനം ഉള്ള എന്തെങ്കിലും പ്രവർത്തിയിൽ ഏർപ്പെട്ടാൽ "ആകുന്ന പണിക്കു പോയാൽ പോരെ, അതൊക്കെ ആൺപിള്ളേർക്ക് പറഞ്ഞിട്ടുള്ള പണിയാ" എന്ന പരിഹാസം കേൾക്കാത്തവരും വിരളമായിരിക്കും.. എന്തിനേറെ ഒരു പെൺകുട്ടി വണ്ടി ഓടിക്കുന്നത് കണ്ടാൽ പോലും പരിഹസിക്കുന്നവർ ആണ് നല്ലവരായ നാട്ടുകാർ അല്ലെങ്കിൽ സമൂഹം...

ആൺകുട്ടികളെ സ്വതന്ത്രമായി പറക്കാൻ വിടുമ്പോൾ, പെൺകുട്ടികൾ ജനിച്ചു വീഴുന്നത് കാലങ്ങളായി സമൂഹം തീർത്ത നിയന്ത്രണങ്ങളുടെ ഒരു ചട്ടക്കൂടിനുള്ളിലേക്കാണ്.. ഒരുവന് എന്ത് ചെയ്യാൻ കഴിയും എന്ന് കണ്ടെത്തുവാൻ അവനെ /അവളെ സഹായിക്കുന്നതിലുപരി നമ്മളെ മറ്റുള്ളവരുടെ നേട്ടങ്ങളുമായി താരതമ്യം ചെയ്ത് അവന്റെ /അവളുടെ കഴിവ് കേടുകളെ വലുതാക്കി കാണിച്ചു അവരിൽ ഒരു അപകർഷതാബോധം വളർത്തിയെടുക്കുന്നതിൽ "നല്ലവരായ" സമൂഹം വഹിക്കുന്ന പങ്ക് വളരെ വലുതാണ്... അവനെ കണ്ടു പടിക്കെടാ/ടി എന്നുള്ള പരിഹാസം ജീവിതത്തിൽ ഒരിക്കൽ എങ്കിലും കേൾക്കാത്തവരായി ആരും ഉണ്ടാവില്ല...പെൺകുട്ടികൾ പ്രത്യേകിച്ച്...

പഠിക്കുന്ന കാലത്ത് അസ്സമ്പളിക്കും ആർട്സ് ഡേയ്ക്കും ഒക്കെ സ്റ്റേജിൽ കയറി സമ്മാനം മേടിക്കാൻ കഴിയാത്ത, അസാധാരണമായി ഒന്നും ചെയ്യാൻ കഴിയാത്ത, ആരാലും ഒന്നിനും പ്രശംസിക്കപ്പെടാത്ത ഒരു ബാല്യത്തിൽ നിന്നും വളർന്നു വലുതാകുംതോറും അതിനേക്കാൾ വേഗതയിലും തോതിലും വളരുന്ന ചെറുതാക്കലുകളെ ഭയന്ന് ആത്മവിശ്വാസം നഷ്ടപ്പെട്ടു ജീവിക്കുന്ന ഒരുപാട് പേരുണ്ട്... അതുപോലെ ഒരു ആളാണ് അമ്പിളി...ഇതുവരെ ഉള്ള ജീവിതത്തിൽ എങ്ങും അടയാളപ്പെടുത്തപെടാതെ വളർന്നു വന്ന ഒരു ശരാശരി പെൺകുട്ടി... സ്വന്തം അച്ഛനിൽ നിന്നു പോലും അവൾക്കു നേരിടേണ്ടി വരുന്നത് പരിഹാസം ആണ്.. പക്ഷെ തോറ്റു കൊടുക്കാൻ അവൾ തയ്യാറല്ല... ഒരു മാറ്റത്തിനായി, ജയത്തിനായി അവൾ പൊരുതാൻ ഉറയ്ക്കുന്നു... പലപ്പോഴും വീണുപോകുന്ന അവളെ വീഴ്ചയിൽ നിന്നും കരകയറാൻ അവൾ ശ്രമിക്കുമ്പോഴും അവൾക്ക് തുണയായി സുഹൃത്ത് എഡിസണും

തസ്സിയും ഉണ്ട്..

നമുക്ക് ചുറ്റും ഇങ്ങനെ ഒരുപാട് അമ്പിളിമാർ ഉണ്ട്... ഒന്നിനും കഴിവില്ലെന്ന് ദിനവും പഴികേൾക്കുന്ന ഒരു പാട് അമ്പിളിമാർ..ഒരു സന്ദർഭത്തിൽ "ഒന്നും സ്വന്തമായി ചെയ്യില്ല " എന്ന് പറഞ്ഞു ശകാരിക്കുന്ന അമ്പിളിയുടെ അച്ഛനോട് അമ്മ പറഞ്ഞു പോകുന്നുണ്ട് "നിങ്ങളുടെ അണ്ടർ വെയർ പോലും കഴുകുന്നത് താൻ ആണെന്ന് "... അത് കേൾക്കുമ്പോൾ അയാളുടെ തല കുനിഞ്ഞു പോകുന്നുണ്ട്... മറ്റൊരിക്കൽ "നാട്ടുകാരുടെ സ്വഭാവ സർട്ടിഫിക്കറ്റ് ഭയന്ന് ഒരുപാട് ആഗ്രഹങ്ങൾ വേണ്ടെന്ന് വച്ചു ആണ് അമ്മ ഇത്രയും കാലം ജീവിച്ചത് എന്ന്, നീ അത് പോലെ ആകരുത് "എന്നും അവർ മകളെ ഉപദേശിക്കുന്നുണ്ട്...

ശരി തന്റെ ഭാഗത്തായിട്ടും തന്നോട് മാപ്പ് പറയാൻ ആവശ്യപ്പെടുന്ന, തന്നെയും കുടുംബത്തെയും സുഹൃത്തുക്കളെയും വരെ ഉപദ്രവിക്കാൻ മടിയില്ലാത്ത, അവൾ ഒരുപാട് ഭയക്കുന്ന ആന്റണിക്ക് കുറിക്ക് കൊള്ളുന്ന മറുപടി തന്നെ അമ്പിളി കൊടുക്കുന്നുണ്ട്..

ഒരു പെൺകുട്ടിയുടെ ഭാഗത്തു നിന്നു കൊണ്ട് മറു വശത്തെ വലിയ ലോകത്തെ നോക്കികാണുന്ന "ആവറേജ് അമ്പിളി " എന്ന ഈ വെബ് സീരീസ് എഴുതി സംവിധാനം ചെയ്തിരിക്കുന്നത് ആദിത്യൻ ചന്ദ്രശേഖരൻ എന്നൊരു ചെറുപ്പക്കാരൻ ആണെന്നുള്ളത് ഒരുപാട് സന്തോഷം തോന്നിപ്പിക്കുന്ന കാര്യം ആണ്.. "പെണ്ണല്ലേ, പോട്ടെ " എന്ന് സഹതപിച്ചിരുന്ന ആൺവർഗത്തിന്റെ പ്രതിനിധി തന്നെ "പെണ്ണായാൽ എന്താ ചേട്ടാ കുഴപ്പം " എന്ന് അമ്പിളിയെ കൊണ്ട് ചോദിപ്പിക്കുന്നത് പ്രതീക്ഷയാണ്..

അഭിനേതാക്കൾ എല്ലാവരും തന്നെ മികച്ച പ്രകടനം ആണ്..അമ്പിളിയുടെ സുഹൃത്ത് എഡിസൺ ആയി എത്തുന്നത് സംവിധായകൻ ആദിത്യൻ തന്നെ ആണ്..." ഭാവിയിലെ വിനീത് ശ്രീനിവാസൻ ആകാൻ സാധ്യത ഉള്ള പയ്യൻ "ആണ് പറഞ്ഞ സുഹൃത്തിന്റെ വാക്കുകൾ കടം എടുക്കാം എന്ന് കരുതിയപ്പോഴാണ് അവിടെ ഒരു താരതമ്യം എന്തിന് എന്ന് തോന്നിയത്... അല്ലെങ്കിലും എന്തിന് മറ്റൊരു വിനീത് ശ്രീനിവാസൻ ആവണം... ആദിത്യൻ അയാളായി തന്നെ വളർന്നു വരട്ടെ... പേരെടുക്കട്ടെ...

ഒരു സിനിമ കാണുന്നത് പോലെ തന്നെ കണ്ടിരിക്കാവുന്ന വെബ് സീരീസ് ആണ് ആവറേജ് അമ്പിളി...കരിക്ക് ഫ്ലിക്കിലൂടെ ആണ് വെബ്സീരീസ് പുറത്തിറങ്ങിയിരിക്കുന്നത്.. ഒരു പക്ഷെ കരിക്ക് ഫ്ലിക്ക് പുറത്തിറക്കിയതിൽ ഏറ്റവും മനോഹരം ആയ വെബ്സീരീസും ഇതാവും... കണ്ടു നോക്കുക